**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1177** **30-08-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളുടെയും സംസ്ഥാനപാതകളുടെയും തകർച്ച ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയപാതകളും സംസ്ഥാനപാതകളും തകർന്ന് അപകടകരമായ വിധത്തിൽ കുഴികൾ രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ദേശീയപാതകളിലെയും, പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിലെയും ചില ഭാഗങ്ങളിൽ കേടുപാടുകൾ രൂപപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിലവിൽ നിരത്തു വിഭാഗത്തിനു കീഴിൽ ഏകദേശം 10% റോഡുകൾക്ക് അതിവർഷത്തെ തുടർന്ന് തകരാറുകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഈ വർഷം ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ അതിവർഷത്തെ തുടർന്ന് റോഡുകൾക്ക് 173.45 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ വിവിധ യൂട്ടിലിറ്റി ഏജൻസികൾ പൈപ്പ്/ കേബിൾ എന്നിവ സ്ഥാപിക്കുന്നതിനോടനുബന്ധിച്ച് റോഡ് മുറിക്കുന്നതും റോഡ് പുനസ്ഥാപിക്കുന്നതും സംബന്ധിച്ച് ഉണ്ടാകുന്ന കാലതാമസം റോഡുകളുടെ തുടർന്നുള്ള തകർച്ചയ്ക്ക് കൂടുതൽ കാരണമാകുന്നുണ്ട്.<br><br>അതിതീവ്രമഴയും അതിനോടനുബന്ധിച്ച പ്രകൃതിക്ഷോഭങ്ങളും മൂലം റോഡുകളിൽ കുഴികൾ രൂപപ്പെടാറുണ്ട്. |
| (ബി) | യഥാസമയങ്ങളിൽ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിൽ ഉദ്യോഗസ്ഥർക്കും കരാറുകാർക്കും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. അറ്റകുറ്റപ്പണികളുടെ നടത്തിപ്പ് സംബന്ധിച്ച് പരിശോധനകൾ നടന്നു വരികയാണ്.<br><br>കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ പുനരുദ്ധാരണത്തിനു വേണ്ടി റോഡുകൾ ഏറ്റെടുത്ത ശേഷം റോഡിൽ ഉണ്ടായിട്ടുള്ള കുഴികൾ അടച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടത് കരാർ പ്രകാരം കരാറുകാരന്റെ ചുമതലയാണ്. അതിനാൽ കുഴികൾ രൂപപ്പെട്ട ഉടൻ തന്നെ കുഴികൾ അടയ്ക്കുവാനുള്ള കർശന നിർദ്ദേശം അതോറിറ്റി |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ/സൂപ്പർ വിഷൻ കൺസൾട്ടന്റുകൾക്കും കെ.എസ്.ടി.പി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കരാറുകാർക്കും നൽകിയിട്ടുണ്ട്. |
| (സി) | ഭാവിയിൽ റോഡുകളുടെ തകർച്ച ഒഴിവാക്കുവാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിലുള്ള റോഡുകൾ എല്ലാം തന്നെ പോട്ട് ഹോൾ ഫ്രീ ആയി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റോഡ് പരിപാലനം ഉറപ്പാക്കുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഘട്ടംഘട്ടമായി പോട്ട്ഹോൾ ഫ്രീ ആക്കാനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. റണ്ണിംഗ് കോൺട്രാക്റ്റ് , OPBRC, മഴക്കാല പൂർവ്വ പ്രവൃത്തികൾ, DLP ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തി നുമായി പ്ലാൻ, നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കി.മീ റോഡുകളിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ റോഡുകളുടേയും അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കു ന്നതിനും ഗതാഗതയോഗ്യമായി നില നിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 12332 കി.മീ റോഡുകൾ റണ്ണിംഗ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴക്കാല പൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തര അറ്റകുറ്റ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഈ സാമ്പത്തിക വർഷം 12.75 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കെ.ആർ.എഫ്.ബി വിഭാഗത്തിനു കീഴിൽ സംസ്ഥാനത്തെ റോഡുകൾ അപകടമാം വിധം തകരുന്ന അവസ്ഥകളെ അടിയന്തരമായി ഗതാഗത യോഗ്യമാ ക്കാനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഭാവിയിൽ അത്തരത്തിൽ റോഡുകളുടെ തകർച്ച ഒഴിവാക്കുന്നതിലേക്കായി കേരള റോഡ് ഫണ്ട് ബോർഡിന്റെ വിവിധങ്ങളായ പ്രവൃത്തികൾ വഴി പ്രവൃത്തി കഴിഞ്ഞ റോഡുകൾ വീണ്ടും കുഴിക്കാതിരിക്കു ന്നതിനായി നിലവിലെ റോഡിന് അടിയിൽ ഉള്ള കാലപ്പഴക്കം ചെന്ന വാട്ടർ അതോറിറ്റി, സ്വിവറേജ് പൈപ്പ് ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിച്ച് നിർമ്മാണം ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ റോഡിന് മുകളിലുള്ള വിവിധങ്ങളായ യൂട്ടിലിറ്റി ലൈനുകൾ പ്രത്യേക കോൺക്രീറ്റ് അറകൾ റോഡിന് അടിയിൽ നിർമ്മിച്ച് ആയവ അതിലൂടെ |

| | | | |
|---|---|---|---|
| | | | കടത്തി വിടുന്നു. അറ്റകുറ്റപണികൾ ചെയ്യുന്നതിലേക്കായി ഓരോ നിശ്ചിത ഇടവേളകളിൽ മാൻഹോൾ നിർമ്മിച്ച് പദ്ധതി ആവിഷ്കരിക്കുന്നു. ഇവ ചെയ്യുന്നതിലൂടെ സ്ഥിരമായി ഉണ്ടാകുന്ന റോഡുകളുടെ തകർച്ച ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കുന്നു.<br><br>കെ.എസ്.ടി.പിയ്ക്ക് കീഴിൽ Innovative Road Materials & Construction Techniques and Vulnerability Assessment of Roads നെ കുറിച്ചുള്ള പഠനം നടത്തുവാൻ വേണ്ടിയുള്ള കൺസൾട്ടൻസി സർവീസിനെ തെരഞ്ഞെടുക്കുവാൻ വേണ്ടിയുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ